**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4074** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത്ഇൻസ്പെക്ടർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നതിന്റെയും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്നതിന്റെയും വിശദാംശം നൽകുമോ; | (എ) | കൊല്ലം ജില്ലയിൽ 17ഉം കോഴിക്കോട് ജില്ലയിൽ 20ഉം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിലേക്ക് പി.എസ്സ്.സി. ശിപാർശപ്രകാരം കോഴിക്കോട് ജില്ലയിൽ 20 നിയമനങ്ങളും കൊല്ലം ജില്ലയിൽ 16 നിയമനങ്ങളും നടത്തിയിട്ടുണ്ട്. |
| (ബി) | കോർപറേഷൻ/മുൻസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് നിഷ്കർഷിച്ചിരിക്കുന്ന ജോലികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | ജനനമരണ രജിസ്ട്രേഷൻ, വ്യാപാര ലൈസൻസ് നൽകൽ & പുതുക്കൽ, നഗരശുചീകരണം നടത്തുന്നത്, മേൽ നോട്ടം വഹിക്കുന്നത്, പൊതു പരാതി & ശല്യങ്ങൾ റിപ്പോർട്ട് സമർപ്പിക്കുന്നത്, പകർച്ചവ്യാധിനിയന്ത്രണം, സർക്കാർ പ്രഖ്യാപിക്കുന്ന ആരോഗ്യ പരിപാലനം നടപ്പിലാക്കുന്നത്, ദേശീയ ആരോഗ്യ ദൗത്യത്തിനുകീഴിലുള്ള പ്രവർത്തനങ്ങൾ, ദുരിതാശ്വാസം, ദുരന്തനിവാരണ പ്രവർത്തനങ്ങൾ എന്നിവയും അടിയന്തരഘട്ടങ്ങളിൽ ആവശ്യമായ മറ്റ് ജോലികളും നിർവ്വഹിക്കേണ്ടതുണ്ട്. |
| (സി) | കോർപ്പറേഷനുകളിലെ ഹെൽത്ത് ഓഫീസർ ഒരു ഡോക്ടർ ആകണമെന്നിരിക്കെ ഒരു വർഷത്തെ സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവർക്ക് പ്രസ്തുത ചാർജ് നൽകുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ